Draft #2 of File 89658/AC B7-2/2021/AC B 7 Approved by DEPUTY REGISTRAR II (ACADEMIC) on 08-Sep-2021 12:21 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY, KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

എസ്.എച്ച്.കോളേജ്, തേവര (സ്വയംഭരണം) - 2021-'22 അധ്യയന വർഷം വിവിധ പ്രോഗ്രാമുകളിൽ നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4453/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.09.2021

---

*പരാമർശം:*-1) 06/06/2021-ലെ 84049/ACA1-3/2021/VC-SECTION നമ്പർ വിജ്ഞാപനം
2) 17/06/2021-ലെ 84049/ACA1-3/2021/VC-SECTION നമ്പർ വിജ്ഞാപനം
3) 17/06/2021-ലെ 02/4-A/2021-22/Acad നമ്പർ അപേക്ഷ.
4) 13/08/2021-ലെ 05/4-A/2021-22/Acad നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ, ബിരുദാനന്തര **ബിരുദ** പ്രോഗ്രാമുകളിലേക്ക് 2021-'22 അധ്യയന വർഷം നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് പരാമർശം(1) വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. നാമമാത്ര സീറ്റ് വർധനവിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നീട്ടി നൽകികൊണ്ട് പരാമർശം(2) വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വയംഭരണ കോളേജായ തേവര എസ്.എച്ച്. കോളേജിലെ 4 ബിരുദ പ്രോഗ്രാമുകൾക്ക് 2021-'22 അധ്യയന വർഷം നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് പരാമർശം(3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടി കോളേജിന് സർവ്വകലാശാലയിൽ ഫീസ് കുടിശ്ശിക ഉണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക അടച്ച് തീർത്തതിന്ശേഷം നാമമാത്ര സീറ്റ് വർധനവിനുള്ള അപേക്ഷ പരിഗണിക്കുന്നതാണെന്ന് കോളേജിനെ അറിയിച്ചിരുന്നു. പിന്നീട് പരാമർശം(4) കത്ത് മുഖേന ഫീസ് കുടിശിക മുഴുവൻ അടച്ചു തീർത്തതായി കോളേജിൽ നിന്നും അറിയിക്കുകയും, രസീതുകളുടെ പകർപ്പ് സമർപ്പിക്കുകയും ചെയ്തു . ഇത് പരിശോധിച്ച് സർവകലാശാലയുടെ ഇന്റേർണൽ ഓഡിറ്റ് വിഭാഗം തേവര എസ് എച്ച് കോളേജിൽ 2021 വര്ഷം നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് ശിപാർശ നൽകി.

സർവ്വകലാശാല അഫിലിയേഷൻ / അപ്പ്രൂവൽ നൽകിയിട്ടുള്ള കോഴ്സുകൾക്ക് നാമമാത്ര സീറ്റ് വർദ്ധനവ് ഉൾപ്പെടെ ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റും, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 30 സീറ്റും എന്ന നിബന്ധനയോടെ നിലവിലുള്ള സീറ്റുകളുടെ 25% വരെയാണ് നാമമാത്ര സീറ്റ് വർദ്ധന അനുവദിക്കുന്നത്. അപ്രകാരം തേവര എസ്.എച്ച്. കോളേജിലെ സർവ്വകലാശാല അഫിലിയേഷൻ/അപ്പ്രൂവൽ നൽകിയിട്ടുള്ള കോഴ്സുകൾക്ക് താഴെ പറയുന്ന നിരക്കിൽ നാമമാത്ര സീറ്റ് വർദ്ധനവിന് അർഹതയുണ്ട്.

| Sl No. | Programme | Stream | Sanctioned Strength | Marginal Increase | Total Sanctioned Strength (2021-'22) |
|---|---|---|---|---|---|
| 1 | B.Com (Finance &Taxation) | SF | 40 | 10 | 50 |
| 2 | B.Com (Travel & Tourism) | SF | 40 | 10 | 50 |
| 3 | BBA (Integrated Marketing & New Media) | SF | 50 | 10 | 60 |
| 4 | B.A (Mass Communication & Journalism) | SF | 50 | 10 | 60 |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ആയതിനാൽ മേൽ സൂചിപ്പിച്ച പ്രകാരം 2021-'22 അധ്യയന വർഷത്തിലേക്ക് തേവര എസ്.എച്ച്.കോളേജിലെ 4 ബിരുദ പ്രോഗ്രാമുകൾക്ക് നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിച്ച് കൊണ്ട് ബഹുമാനപ്പെട്ട വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആശ രാഘവൻ

ഡെപ്യൂട്ടി രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ, എസ്.എച്ച്.കോളേജ്, തേവര
4. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
5. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
6. അസിസ്റ്റൻറ് രജിസ്ട്രാർ IV(അക്കാദമിക്) /അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
7. ഏസി.സി. സെക്ഷൻ/ ലീഗൽ സെക്ഷൻ
8. പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെൽ/ ഐ.ക്യൂ.എ.സി.
9. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ /ഇ.ഐ.39 സെക്ഷൻ
10. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 89658/AC B7-2/2021/AC B 7 Approved by DEPUTY REGISTRAR II (ACADEMIC) on 08-Sep-2021 12:21 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം